# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ്, തിരുവനന്തപുരം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോ ബോയ്സിലെ കുട്ടികളെ വിനോദയാത്ര കൊണ്ടു പോകുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) ഈ കാര്യാലയത്തിൽ നിന്നുള്ള 03/12/2020-ലെ ഇതേ നമ്പർ സർക്കുലർ

(2) കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 04/02/2021-ലെ CHK/09/2021 നമ്പർ കത്ത്.

(3) കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 18/01/2021-ലെ CHK/09/2021 നമ്പർ ക്വട്ടേഷൻ നോട്ടീസ്.

## ഉത്തരവ് നമ്പർ : ICPS 2/3290/2020 തീയതി : 22/02/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് കോവിഡ്-19-മായി ബന്ധപ്പെട്ട ലോക്ക്ഡൗണിൽ നിന്നുള്ള മാനസികമായ ബുദ്ധിമുട്ടും വിരസതയും മാറ്റുന്നതിന് കോവിഡ്-1 മാനദണ്ഡങ്ങൾ പാലിച്ച് വിനോദയാത്ര കൊണ്ടു പോകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാ ഈ കാര്യാലയത്തിൽ നിന്നും പരാമർശം ഒന്ന് സർക്കുലർ പ്രകാരം ഗവ ചിൽഡ്രൻസ് ഹോ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഗ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികളെ വിനോദയാത്ര കൊണ്ട പോകുന്നതിലേയ്ക്കായി പരാമർശം മൂന്ന് പ്രകാരം സ്ഥാപന സൂപ്രണ്ട് ക്വട്ടേഷ ക്ഷണിച്ചിരിക്കുന്നു. ലഭ്യമായ ക്വട്ടേഷനുകൾ അനുബന്ധ രേഖകളായ ക്വട്ടേഷൻ നോട്ടീസ് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ പരാമർശം രണ്ട് പ്രകാരം ഈ കാര്യാലയത്തി അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നു.

സ്ഥാപന സൂപ്രണ്ട് സമർപ്പിച്ച ക്വട്ടേഷനുകൾ വിശദമായി പരിശോധിച്ച സ്ഥാപനത്തിലെ കുട്ടികളെ വിനോദയാത്ര കൊണ്ടു പോകുന്നതിലേയ്ക്കായി ക്വട്ടേഷനുക ലഭ്യമാക്കിയവരിൽ കുറഞ്ഞ ക്വട്ടേഷൻ നിരക്കായ 49,500/-രൂപ രേഖപ്പെടുത്തിയത് സതേ ബാക്ക് വാട്ടേഴ്സ്, ജെട്ടി റോഡ്, കൊല്ലം-1 എന്ന സ്ഥാപനമാണ്. ടി സ്ഥാപനവുമായ തുക നെഗോഷ്യേറ്റ് ചെയ്തതിൽ തുക കുറയ്ക്കുവാൻ കഴിയില്ലെന്ന് അറിയിച്ചതായി സ്ഥാപ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് 2020-21 സാമ്പത്തിക വർഷം കൊല്ല ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികളെ വിനോദയാത്ര കൊണ്ട പോകുന്നതിലേയ്ക്കായി കുറഞ്ഞ ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയ സതേൺ ബാക്ക് വാട്ടേഴ്സ്

ജെട്ടി റോഡ്, കൊല്ലം-1 എന്ന സ്ഥാപനത്തിൻെറ ക്വട്ടേഷൻ അംഗീകരിച്ചും, മേൽപ്പട്ടിക പ്രകാരം വിനോദയാത്രയ്ക്ക് കുറഞ്ഞ ക്വട്ടേഷൻ നിരക്ക് പ്രകാരമുള്ള തുകയായ 49,500/-രൂപയും മാസ്ക്, സാനിറ്റൈസർ, മറ്റ് സാധനങ്ങൾ എന്നിവയ്ക്കായി 500/-രൂപയും ചേർത്ത് ആകെ 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം)അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (50,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും (സ്ഥാപനങ്ങളിലെ Miscellaneous and Transportation Component-ൽ) കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക കൊല്ലം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സൂപ്രണ്ട് ടി തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിനോദയാത്രക്കു കുട്ടികളെ വളരെ ശ്രദ്ധാപൂർവ്വം കൊണ്ടുപോകേണ്ടതാണ്. സ്ഥാപനാധികൃതർ അവരുടെ കൂടെയുണ്ടായിരിക്കേണ്ടതും, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. വിനോദയാത്രയ്ക്ക് കൊണ്ടുപോകുന്നതിൻെറ പൂർണ്ണഉത്തരവാദിത്വം സ്ഥാപന സൂപ്രണ്ടിനായിരിക്കും. വിനോദയാത്രയ്ക്ക് കുട്ടികളെ കൊണ്ടുപോകുമ്പോൾ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച പരാമർശം ഒന്ന് സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
കൊല്ലം

പകർപ്പ്

1. സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
ബീച്ച് റോഡ്, കൊല്ലം
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്